**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2008** **06-07-2022 - ൽ മറുപടിയ്ക്ക്**

**കലാപശ്രമം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില സംഘടനകൾ കലാപം സൃഷ്ടിച്ച് രാഷ്ട്രീയ മുതലെടുപ്പിന് നടത്തിയതായി പറയപ്പെടുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിർവ്വീര്യമാക്കുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ചില സംഘടനകൾ കലാപം സൃഷ്ടിച്ച് രാഷ്ട്രീയ മുതലെടുപ്പിനായി ശ്രമങ്ങൾ നടത്തുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നിർവ്വീര്യമാക്കുന്നതിനായി കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 143,146,147,148, 149, 153 തുടങ്ങിയ വകുപ്പുകൾ പ്രകാരവും IT Act ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ചില സംഘടനകൾ കൊച്ചുകുട്ടികളെ വിദ്വേഷ പ്രചരണത്തിനായി ഉപയോഗിച്ച സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ചില സംഘടനകൾ കൊച്ചു കുട്ടികളെ വിദ്വേഷ പ്രചരണത്തിനായി ഉപയോഗിച്ച സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 21.05.2022-ൽ PFI നടത്തിയ സമ്മേളനത്തോടനുബന്ധിച്ച് സാമുദായിക വിദ്വേഷം ഉളവാക്കുന്ന രീതിയിൽ കൊച്ചുകുട്ടിയെക്കൊണ്ട് മുദ്രാവാക്യം വിളിപ്പിച്ച ഒരു സംഭവം ഉണ്ടായിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നം.425/2022 u/s 143,147,153(A), 295(A), 505(1)(b)(c), 502(2), 506 r/w 149 IPC sec. 75, 83(2) of JJ Act, sec 120 (o) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അതിലേക്ക് 31 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ചില സംഘടനകൾ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന പരിശീലന പരിപാടികളും വർഗ്ഗീയ ഉദ്ബോധനങ്ങളും പൊതുസമൂഹത്തിൽ ഉളവാക്കുന്നതായി പറയപ്പെടുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും പൊതുജനപങ്കാളിത്തത്തോടെ ഇത്തരം പരിശീലന- | (സി) | ഇതിനെതിരെ പോലീസ് നിരീക്ഷണം നടത്തുകയും, ചെറിയ ക്രമസമാധാന വിഷയങ്ങളിൽപ്പോലും മതസ്പർദ്ധക്ക് കാരണമാകാത്ത രീതിയിൽ അതീവ ജാഗ്രത പുലർത്തി പരിഹാരം കണ്ടെത്തിയും, മതസ്പർദ്ധ വളർത്തുന്ന തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153 (A), 295(A) തുടങ്ങിയ |

| | | | |
|---|---|---|---|
| | ഉദ്ബോധന പരിപാടികൾ അവസാനിപ്പിക്കുന്നതിനുമായി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമോ; വിശദമാക്കുമോ? | | വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തും ആയുധ പരിശീലനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ Arms Act, KP Act പ്രകാരവും കേസ്സുകൾ എടുത്തും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. മതസ്പർദ്ധ ഇളക്കി വിടുന്നതിനും സമാധാന അന്തരീക്ഷം തകർത്ത് ജനങ്ങളുടെ സ്വൈര്യജീവിതം ഇല്ലാതാക്കുന്നതിനുമെതിരെ ജാഗ്രത പുലർത്തുന്നതിലേക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകുന്നതിനുവേണ്ടി ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, പോലീസിന്റെ സാമൂഹ്യ മാധ്യമ വിഭാഗം തുടങ്ങിയവ മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ